Passed on 13-11-2019

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജിഎ) "ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നർത്ഥമാകുന്നു;";

(ii) (എം) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എംഎ) "പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി" എന്നാൽ ആക്റ്റിലെ 8 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്നർത്ഥമാകുന്നു.".

3. 8 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8 എ. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി.—പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച്, ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി സർക്കാരിന് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയും പ്രവാസി കേരളീയരുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടിയും 14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ രൂപീകരിക്കാവുന്നതാണ്.".

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ "സഹകരണ സംഘങ്ങളുടെയും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1955-ലെ 12-ാം ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും," എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---